## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1580** **22.03.2013 ൽ മറുപടിയ്ക്ക്**

### ഇൻഫർമേഷൻ കേരള മിഷന്റെ സ്ഥാപിത ലക്ഷ്യങ്ങൾ

**ചോദ്യം**
**ശ്രീ. വി. ശശി.**

എ) ഇൻഫർമേഷൻ കേരള മിഷന്റെ സ്ഥാപിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ഈ ലക്ഷ്യം നിറവേറ്റാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഈ സമയ പരിധിക്കുള്ളിൽ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

**ഉത്തരം**
**ഡോ:എം.കെ. മുനീർ**
**(ബഹു: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായാണ് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) രൂപീകൃതമായത്.

ഇൻഫർമേഷൻ കേരള മിഷന്റെ സ്ഥാപിത ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

- സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, അർബൻ അഫയേഴ്സ് -പഞ്ചായത്ത് വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ, ഗ്രാമവികസന കമ്മീഷണറേറ്റ്, ജില്ലാ - റീജിയണൽ ഓഫീസുകൾ, 1223 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ പരസ്പരം കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധപ്പെടുത്തുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി തുടർച്ചയായി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ (പദ്ധതി ആസൂത്രണം, പദ്ധതി നിർവ്വഹണം, ധനവിനിയോഗം,കണക്കു സൂക്ഷിക്കൽ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പ് , നിയമപരമായ ചുമതലകൾ, പൊതുഭരണം മുതലായവ) സുതാര്യവും കൂടുതൽ ഫലപ്രദവുമായ തരത്തിൽ

പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിർദ്ദിഷ്ട കമ്പ്യൂട്ടർ ശൃംഖലയിലൂടെ സൃഷ്ടിക്കുക.

- തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള സൂക്ഷ്മതല ആസൂത്രണത്തിന് ആവശ്യമായ തരത്തിൽ പ്രാദേശികവും അല്ലാത്തതുമായ വിഭവങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുക
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹാർഡ്‌വെയറും പൊതു സോഫ്റ്റ്‌വെയറുകളും, ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച പ്രത്യേക ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളും പ്രവർത്തിപ്പിക്കുന്നതിനും കൈത്താങ്ങ് നൽകുന്നതിനും വേണ്ടി ആവശ്യമായ പരിശീലനം ലഭിച്ച മാനവശക്തി അവസാനത്തെ സോഫ്റ്റ്‌വെയർ കമ്മീഷൻ ചെയ്ത് ഒരു വർഷം വരെ ലഭ്യമാക്കുക.
- കമ്പ്യൂട്ടർ ശൃംഖലയുടെയും ആപ്ലിക്കേഷൻ പാക്കേജുകളുടെയും പ്രവർത്തനം സുഗമമായി പരിപാലിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക, ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇലക്ട്രോണിക് ഭരണം എന്ന ലക്ഷ്യം സാധ്യമാക്കുന്നത് തുടർ പ്രകിയയിലൂടെയാണ്. അതിനു സമയപരിധി നിശ്ചയിക്കുവാൻ കഴിയില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിവിധ ഡാറ്റാ ബെയ്സുകൾ പൂർത്തീകരിക്കുന്ന ക്രമമനുസരിച്ച് മാത്രമേ സമയപരിധി നിശ്ചയിക്കുവാൻ കഴിയൂ. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ചും, നിലവിലെ ഉത്തരവുകളിലെ/ചട്ടങ്ങളിലെ ഭേദഗതിക്കനുസരിച്ചും ആപ്ലിക്കേഷനുകളിൽ മാറ്റങ്ങൾ വരുത്തേണ്ടതായും വരുന്നുണ്ട്.

ബി) ഈ സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ സ്ഥാപനങ്ങൾ വഴിയാണോ; ഇല്ലെങ്കിൽ ഇതിന്റെ നിയമന സംവിധാനം എന്താണെന്ന് വിശദീകരിക്കാമോ: ഈ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ടോ:

ബി) അല്ല. വികേന്ദ്രീകൃത ആസൂത്രണം കേന്ദ്രീകൃത ആസൂത്രണവുമായി ബന്ധിപ്പിക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ്, തദ്ദേശ ഭരണ വകുപ്പ് എന്നിവയെ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിനു വേണ്ടി രൂപീകരിച്ച പ്രോജക്ടാണ് ഇൻഫർമേഷൻ കേരള മിഷൻ. ഓരോ വർഷത്തെ കാലാവധി നീട്ടി നൽകി തുടർന്നു പോകുന്ന ഒരു താൽക്കാലിക സംവിധാനം ആണ് ഇൻഫർമേഷൻ കേരള മിഷൻ. ആയതിനാൽ ഇവിടെ സ്ഥിരനിയമനങ്ങൾക്ക് വേണ്ട സ്ഥിരം നടപടി ക്രമങ്ങളോ, ചട്ടങ്ങളോ, സംവരണ തത്വങ്ങളോ പ്രത്യേകമായി രൂപികരിച്ചിരുന്നില്ല. എങ്കിലും നിലവിലുള്ള ആകെ ജീവനക്കാരിൽ 50% ലേറെപ്പേർ വിവിധ സംവരണ വിഭാഗത്തിൽപ്പെട്ടവരാണ്. ആകെയുള്ള 389 ജീവനക്കാരിൽ 259 പേർ വിവിധ സംവരണ വിഭാഗത്തിൽപ്പെട്ടവരാണ്. ആദ്യകാലത്ത് ദിവസവേതനാടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷനിൽ ജീവനക്കാരെ ജോലിക്കായി നിയോഗിച്ചിട്ടുണ്ട്. പിന്നീട് ഇവരെ കൺസോളിഡേറ്റഡ് വേതനം നൽകി നിയമനം നൽകിയിട്ടുമുണ്ട്. കൂടാതെ പ്രോജക്ടിന്റെ നടത്തിപ്പിനായി പത്രപരസ്യം നൽകി ടെസ്റ്റ് /ഇന്റർവ്യൂ മുഖേന നേരിട്ടും ജീവനക്കാർക്ക് നിയമനം നൽകിയിരുന്നു.

സി) ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

സി) അനുബന്ധമായി ചേർക്കുന്നു.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ